**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5579** **03-11-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലെ വാഹന പാർക്കിംഗ് ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്, 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് എന്നിവയിലെ വ്യവസ്ഥപ്രകാരം വാണിജ്യാവശ്യങ്ങൾക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് വാഹന പാർക്കിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ടോ; ഇപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളിലെ പാർക്കിംഗ് ഏരിയകളിൽ വാഹനങ്ങളിൽ നിന്നും പാർക്കിംഗ് ഫീസ് ഈടാക്കുവാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | (I) 1999 -ലെ കേരള മുൻസിപ്പാലിറ്റി ബിൽഡിങ് റൂൾസ്, റൂൾസ് 34 -ലെ പട്ടിക 5.2 -ൽ ക്രമ നമ്പർ 6 -ലെ ഗണം -F -ൽ വരുന്ന വാണിജ്യ/കച്ചവട സ്ഥാപനങ്ങൾ നിർമ്മിക്കുമ്പോൾ, ആകെ കാർപെറ്റ് വിസ്തീർണ്ണം 1000 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടത്തിന് 75 ചതുരശ്ര മീറ്റർ കാർപ്പറ്റ് വിസ്തീർണ്ണവും , 1000 ചതുരശ്ര മീറ്ററിൽ കവിഞ്ഞുള്ളവയ്ക്ക് 50 ചതുരശ്ര മീറ്റർ കാർപെറ്റ് വിസ്തീർണ്ണത്തിലും പാർക്കിങ്ങിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. (II) 2011 -ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ, റൂൾ 81 -ൽ വിട്ടുകൊടുത്ത ഭൂവിസ്തീർണ്ണത്തിന്റെ ശതമാനത്തിന് ആനുപാതികമായി ആവശ്യമായ പാർക്കിങ് സ്ഥലത്തിൽ കുറവ് അനുവദിക്കേണ്ടതും, അങ്ങനെ കുറച്ചതിന് ശേഷം പ്രസ്തുത ചട്ടങ്ങൾ പ്രകാരം ആവശ്യമായ പാർക്കിങ് സ്ഥലത്തിന്റെ 75% ഉണ്ടായിരിക്കേണ്ട- തുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2019 -ലെ കേരള പഞ്ചായത്ത് ബിൽഡിങ് റൂൾസിൽ, റൂൾ 29 -ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം വാണിജ്യാവശ്യങ്ങൾക്ക് വേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് വാഹന പാർക്കിങ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. ഇപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മേൽ ചട്ടങ്ങളിൽ ഒന്നും തന്നെ പാർക്കിങ് ഏരിയകളിൽ വാഹനങ്ങളിൽ നിന്നും പാർക്കിങ് ഫീസ് ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ബി) | ഇപ്രകാരം വാഹന പാർക്കിംഗ് ഫീസ് ഈടാക്കുന്ന വൻകിട വ്യാപാരസ്ഥാപനങ്ങളും മാളുകളും സംബന്ധിച്ച് സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്; വിശദാംശം നൽകുമോ; | (ബി) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| | | | |

| | | | |
|---|---|---|---|
| (സി) | കെ.എം.ബി.ആർ., കെ.പി.ബി.ആർ. ചട്ടങ്ങളിൽ വാഹന പാർക്കിംഗ് ഫീസ് പിരിക്കുവാൻ പാടില്ല എന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ